**പാഠം 7**

**ആർഭാടത്തിൽ നിന്ന് ലാളിത്യത്തിലേക്ക്**

**ആമുഖം:** ആർഭാടത്തിൻെറ നിരർഥകതയും ലാളിത്യത്തിൻെറ പ്രാധാന്യവും വിശദീകരിക്കുന്ന എം.എൻ വിജയൻെറ ലേഖനമാണ് 'ആർഭാടത്തിൽനിന്ന് ലാളിത്യത്തിലേക്ക്' എന്ന പാഠഭാഗം.

**ചോദ്യോത്തരങ്ങൾ**

**1.ആർഭാടം ഒരു ഉന്മാദാവസ്ഥയാണ് എന്ന് ലേഖകൻ പറയാൻ കാരണം എന്ത്?**

ഉ: ആർഭാടജീവിതം ആഗ്രഹിക്കുന്നവർ ജീവിതമൂല്യങ്ങൾ മറന്നു പ്രവർത്തിക്കാൻ തയ്യാറാകുന്നു. പണക്കാരോട് മത്സരിച്ച് തോറ്റ പാവപ്പെട്ടവർ കടക്കെണിയും കൊള്ളയും കൊലയുമായി ജീവിതത്തിൽ പരാജയപ്പെട്ടുപോകുന്നു. ആർഭാടം എന്ന ഭ്രാന്താവസ്ഥയിൽ മുഴുകിയവരുടെ ദുരന്തജീവിതങ്ങൾ സമൂഹത്തിൽ നിരവധിയാണ്. ഈ അവസ്ഥ സമൂഹത്തെ അധ:പതനത്തിൽ എത്തിക്കുന്നു. അതുകൊണ്ടാണ് ആർഭാടം ഒരു ഉന്മാദാവസ്ഥയാണ് എന്ന് ലേഖകൻ പറയുന്നത്.

**2. ആദർശത്തിൻെറയും ലാളിത്യത്തിൻെറയും ഊന്നുവടികൊണ്ട് സാധാരണക്കാരൻെറ ഉയരം കൂട്ടേണ്ടിയിരിക്കുന്നു എന്നതിലൂടെ എം.എൻ വിജയൻ ഉദ്ദേശിക്കുന്നത് എന്ത്?**

ഉ: ആർഭാടത്തോടെ ജീവിക്കുന്നതാണ് ഏറ്റവും പ്രധാനം എന്ന് കരുതുന്നവരാണ് ഇന്നത്തെ തലമുറ. ആർഭാടത്തിനായി മത്സരിക്കുന്നവർ ക്രമേണ പാപ്പരായി തീരുന്നു. അതിനാൽ ആർഭാടം ഉപേക്ഷിച്ച് ലളിതജീവിതം നയിക്കാൻ നാം തയ്യാറാകണം. ആദർശത്തിൻെറയും ലാളിത്യത്തിൻേറതുമായ ജീവിതശൈലി സ്വീകരിച്ചുകൊണ്ട് സാധാരണക്കാരന് ആർഭാടം എന്ന ഉന്മാദാവസ്ഥയിൽനിന്ന് രക്ഷപെടാൻ കഴിയും. സമുദായസംഘടകളാണ് ഇക്കാര്യത്തിൽ സമൂഹത്തിന് വഴികാട്ടിയാകേണ്ടത്. ഈ ഉത്തരവാദിത്വം ഏറ്റെടുക്കാൻ സമുദായ നേതൃത്വം തയ്യാറാവണം എന്നാണ് ഈ പ്രസ്താവനയിലൂടെ ലേഖകൻ ഉദ്ദേശിക്കുന്നത്.

**3. വിപരീതങ്ങളെ ആദർശവത്കരിക്കുക എന്ന പ്രയോഗത്തിലൂടെ ലേഖകൻ ഉദ്ദേശിക്കുന്നത് എന്ത്?**

ഉ: ആർഭാടത്തിനായി മത്സരിക്കുന്നവർ ക്രമേണ പാപ്പരായി തീരുന്നു. അവർക്കു മാത്രമായി ആർഭാടത്തിൻെറ ചെലവ് കുറയുകയില്ല. ലേഖകൻെറ അഭിപ്രായത്തിൽ സമുദായസംഘടനകൾക്കു മാത്രമേ ധൂർത്താചാരങ്ങളെ കുറയ്ക്കുവാൻ കഴിയുകയുള്ളൂ.

എന്നാൽ, ഇച്ഛാശക്തി നഷ്ടപ്പെട്ട അവർ ഇക്കാര്യത്തിൽ ഒന്നും ചെയ്യുന്നില്ല. ഇപ്പോൾ അനുയായികൾ പിന്തുടരുന്നതിനു വിപരീതമായി ആദർശത്തിൻെറയും
ലാളിത്യത്തിൻേറതുമായ പാതയിൽ അവരെ നയിക്കാൻ സമുദായ നേതൃത്വങ്ങൾ തൻേറടം കാണിക്കണം. എങ്കിൽമാത്രമേ നമ്മുടെ സമൂഹം നേരായ മാർഗത്തിലേക്ക് എത്തുകയുള്ളൂ എന്നാണ് എം. എൻ വിജയൻ പറയുന്നത്.

*         *         *         *